# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 6/297/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 26/05/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ വഴി)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 6/297/2022 തീയ്യതി: 26/05/2022

## കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നാരാണ കമ്മത്ത്.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-03-2022 | 26-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-03-2022 | 26-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനീത് കുമാർ കെ.പി (ഓഡിറ്റ് ഓഫീസർ)
യാദവ കുമാര സി.എച്ച് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
തോമസ്.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
കെ.സി.കുഞ്ഞിക്കൃഷ്ണൻ(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ബിന്ദു.വി.വി.(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സി.എച്.മുഹമ്മദ് കുഞ്ഞി ചായിന്റടി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ശ്രീമതി സൈമ സി.എ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനുപം.എസ് | സെക്രട്ടറി | 01-04-2020 | 08-02-2021 |
| സുന്ദര.കെ. | സെക്രട്ടറി | 09-02-2021 | 01-03-2021 |
| റഷീദ്.സി | സെക്രട്ടറി | 01-03-2021 | 31-03-2021 |
| രാധാമോണി.കെ.എൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 18-08-2020 |
| തുളസീധരൻ.എൻ.ടി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 18-08-2020 | 07-02-2021 |
| വാമനൻ.പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 08-02-2021 | 31-03-2021 |
| രാജീഷ് കുമാർ.സി | അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ്ജ് | 01-04-2020 | 16-07-2020 |
| കൈലാസ്.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ്ജ് | 17-07-2020 | 14-10-2020 |
| അമൃത എസ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 14-10-2020 | 07-01-2021 |
| കൈലാസ്.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ്ജ് | 07-01-2021 | 31-03-2021 |
| ഡോ.ദിവാകരറൈ. കെ | മെഡിക്കൽഓഫീസർ-CHC | 01-04-2020 | 31-03-2021 |
| ഡോ.ശാന്തി.എൽ.പി | മെഡിക്കൽഓഫീസർ-GHD | 01-04-2020 | 07-07-2020 |
| ഡോ.സലീന.കെ | മെഡിക്കൽഓഫീസർ-GHD | 08-07-2020 | 31-03-2021 |
| സിനി.പി.എസ് | സൂപ്രണ്ട്, മഹിളാമന്ദിരം | 01-04-2020 | 27-10-2020 |
| മിനി.എസ് | സൂപ്രണ്ട്, മഹിളാമന്ദിരം | 28-10-2020 | 31-03-2021 |
| ആനന്ദ.കെ | കൃഷി അസിസ്റ്റന്റ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഡയരക്ടർ | | |
| സെബാസ്റ്റ്യൻ അഗസ്റ്റിൻ | സൂപ്രണ്ട്-ഇൻ-ചാർജ്, വൃദ്ധമന്ദിരം | 01-04-2020 | 03-06-2020 |
| ആസ്യാമ്മ.ഇ.എ | സൂപ്രണ്ട്-ഇൻ-ചാർജ്, വൃദ്ധമന്ദിരം | 04-06-2020 | 05-07-2020 |
| അബ്ദുള്ള.എം | സൂപ്രണ്ട്-ഇൻ-ചാർജ്, വൃദ്ധമന്ദിരം | 06-07-2020 | 26-10-2020 |
| സിദ്ധിഖ് ചുണ്ടക്കാടൻ | സൂപ്രണ്ട്-ഇൻ-ചാർജ്, വൃദ്ധമന്ദിരം | 27-10-2020 | 19-02-2021 |
| അബ്ദുള്ള.എം | സൂപ്രണ്ട്-ഇൻ-ചാർജ്, വൃദ്ധമന്ദിരം | 20-02-2021 | 02-03-2021 |
| ബിജു.പി | സൂപ്രണ്ട്-ഇൻ-ചാർജ്, വൃദ്ധമന്ദിരം | 03-03-2021 | 31-03-2021 |
| ഷംല.എ | ശിശുവികസനപദ്ധതി ഓഫീസർ | 01-04-2020 | 04-12-2020 |
| സ്വാഹിനി.എസ്.എസ് | ശിശുവികസനപദ്ധതി ഓഫീസർ | 04-12-2020 | 31-03-2021 |
| ധനലക്ഷ്മി.എം | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശരത്.ടി.വി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| സൽന.എം | വ്യവസായവികസന ഓഫീസർ | 01-04-2020 | 28-12-2020 |
| അനിൽ കുമാർ.സി.ജി | വ്യവസായവികസന ഓഫീസർ | 28-12-2020 | 19-02-2021 |
| മിലൻ.വി.കെ | വ്യവസായവികസന ഓഫീസർ | 19-02-2021 | 31-03-2021 |
| ശാലിനി.കെ | ക്ഷീരവികസന ഓഫീസർ | 01-04-2020 | 22-01-2021 |
| മഹേഷ് നാരായണൻ | ക്ഷീര വികസന ഓഫീസർ-ഇൻ-ചാർജ് | 23-01-2021 | 24-01-2021 |
| പ്രീതി.കെ.ആർ | ക്ഷീര വികസന ഓഫീസർ | 25-01-2021 | 31-03-2021 |

ഇല്ല

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vineeth Kumar K.P (Audit Officer, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 25-03-2022) | 1-1 |
| 2 | വാർഷികധനകാര്യ പത്രിക പരിശോധന- നിരീക്ഷണങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 25-03-2022) | 1-2 |
| 3 | വരുമാനക്കണക്ക് അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 1-2-1 |
| 4 | തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് വിവരങ്ങൾവാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 1-2-2 |
| 5 | ബാധ്യത തുകയും അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ ഭീമമായ വ്യത്യാസം<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 25-03-2022) | 1-2-3 |
| 6 | ബാലൻസ് ഷീറ്റ് -ബാധ്യത അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 07-05-2022) | 1-2-4 |
| 7 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 1-2-5 |
| 8 | മറ്റ് ന്യൂനതകൾ<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 25-03-2022) | 1-2-6 |
| 9 | സാമ്പത്തിക വിശകലനം<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 25-03-2022) | 1-3 |
| 10 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 1-4 |
| 11 | പദ്ധതി അവലോകനം.<br>Written By: Vineeth Kumar K.P (Audit Officer, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vineeth Kumar K.P (Audit Officer, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 1-6 |
| 13 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Bindu.V.V (Auditor, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 1-7 |
| 14 | ആഭ്യന്തരനിയന്ത്രണം<br>Written By: Vineeth Kumar K.P (Audit Officer, On 26-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 07-05-2022) | 1-8 |
| 15 | ഐ.എ.വൈ ഭവന പദ്ധതി അക്കൗണ്ടുകളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നത് 1.85 കോടി രൂപ<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 1-9 |
| 16 | സാധനങ്ങളുടെ സമാഹരണം- സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല -അപാകതകൾ | 1-10 |

| | | |
|---|---|---|
| | Written By: Vineeth Kumar K.P (Audit Officer, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | |
| 17 | ബദിയടുക്ക ഗവ.പ്രീമെടിക്ക് ഹോസ്റ്റലിലേക്ക് കമ്പ്യൂട്ടർ ഫർണിച്ചർ അടുക്കള പാത്രങ്ങൾ മറ്റ് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 1-11 |
| 18 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 1-12 |
| 19 | ചെമ്മനാട് GLPS ഈസ്റ്റ് കഞ്ഞിപ്പുര നിർമ്മാണം വിഹിതം നൽകൽ -പദ്ധതിയുടെ പൂർത്തീകരണം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 23-05-2022) | 1-13 |
| 20 | പട്ടികജാതി വികസന ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 04-04-2022) | 1-14 |
| 21 | തുല്യത പഠനം പഠിതാക്കൾക്ക് കോഴ്സ് ഫീസ് -അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 04-04-2022) | 1-15 |
| 22 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 1-16 |
| 23 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 1-17 |
| 24 | യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 04-04-2022) | 1-18 |
| 25 | ബാലടുക്ക അംഗൻവാടി കെട്ടിടം വിഹിതം നൽകൽ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 04-04-2022) | 1-19 |
| 26 | വിജ്ഞാൻവാടികളുടെ സൗകര്യ വികസനം പദ്ധതി അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 06-04-2022) | 1-20 |
| 27 | മധൂർ ശ്മശാനത്തിന് ബ്ലോക്ക് വിഹിതം നൽകൽ - 2017-18 വർഷം നൽകിയ 30.50 ലക്ഷം രൂപ തിരിച്ചടച്ചു-പുതിയ പദ്ധതി പ്രകാരം വീണ്ടും തുക നല്കി- പൂർത്തീകരണ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 06-04-2022) | 1-21 |
| 28 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 23-05-2022) | 1-22 |
| 29 | പാലിയേറ്റീവ് കെയർ പദ്ധതി ചെലവ് രേഖകൾ ഹാജരാക്കിയില്ല.<br>Written By: Bindu.V.V (Auditor, On 27-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 06-04-2022) | 1-23 |
| 30 | ആശുപത്രിയിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ ടെണ്ടർ രേഖകൾ | 1-24 |

| | | |
|---|---|---|
| | പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: Bindu.V.V (Auditor, On 27-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 06-04-2022) | |
| 31 | കണ്ടിജൻസി ചെലവ് -ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: Bindu.V.V (Auditor, On 27-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 1-25 |
| 32 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 30-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 06-04-2022) | 1-26 |
| 33 | പട്ടിക ജാതി കോളനി വികസന പൊതുമരാമത്ത് പ്രവൃത്തികൾ-സോഷ്യൽ മാപ്പ് ലഭ്യമാക്കിയിട്ടില്ല. അസി. എക്സി.എഞ്ചിനീയർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 30-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 19-05-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 19-05-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്കായി ലഭിച്ച ഫണ്ട്.വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 25-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 25-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 25-03-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 25-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 23-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 02-04-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 23-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 26-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 27-03-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 23-05-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 31.3.2020ലെ 1/1 നമ്പർ തീരുമാനം | പുതുക്കിയ ബജറ്റ് പാസ്സാക്കിയിട്ടില്ല |
| മുന്നിരിപ്പ് | 3017008 | |
| വരവ് | 84022000 | |
| ആകെ | 87039008 | |
| ചെലവ് | 84641000 | |
| നീക്കിയിരിപ്പ് | 2398008 | |

## 1-2 വാർഷികധനകാര്യ പത്രിക പരിശോധന- നിരീക്ഷണങ്ങൾ

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21വർഷത്തെ ഓഡിറ്റിന്റെ ഭാഗമായുള്ള വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ അനന്തര നടപടികൾക്കായി ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വരുമാനക്കണക്ക് അപാകതകൾ

1) വാർഷിക ധനകാര്യപത്രിക രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പ്രകാരം വികസന ഫണ്ട് ജനറൽ ചെലവ് 3,45,53,015 രൂപയാണ് . എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലെ ചെലവ് 3,41,34,055/- രൂപയാണ്. ഇവ തമ്മിൽ 4,18,960/- രൂപ വ്യത്യാസം കാണുന്നു.

2) 2019-20 വർഷത്തെ ബജറ്റ് വിഹിതം - സംരക്ഷണ ഗ്രാന്റ് രണ്ടാം ഗഡു അനുവദിച്ചപ്പോൾ (സ.ഉ(സാധ) നം.4444/20 തി.03.08.2020) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 77,557/- രൂപ വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)ഇലക്ഷൻ അഡ്വാൻസ് ഇനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച 37,20,000 രൂപ എസ്.ബി.ഐ A/c നം, 57053740203 ൽ നിക്ഷേപിച്ചാണ് ചെലവഴിച്ചിട്ടുള്ളത് . പ്രസ്തുത വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-2-2 തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് വിവരങ്ങൾവാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു. (A/c No. 00000067043984474)

മുന്നിരിപ്പ് -7,37,679

വരവ് -9,48,356

ആകെ -16,86,035

ചെലവ്- 14,34,966

നീക്കിയിരിപ്പ്-2,51,069

തൊഴിലുറപ്പുപദ്ധതി കണക്കുകൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്താതിരിക്കുവാനുള്ള കാരണം വിശദമാക്കേണ്ടതാണ്.

### 1-2-3 ബാധ്യത തുകയും അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ ഭീമമായ വ്യത്യാസം

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിലെ ബാധ്യത തുകയും ബ്ലോക്ക് പഞ്ചായത്ത് നീക്കിയിരിപ്പ് തുകയും തമ്മിൽ ഭീമമായ വ്യത്യാസം കാണുന്നു.

| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നമ്പർ | തുക | ബ്ലോക്ക് പഞ്ചായത്ത് നീക്കിയിരിപ്പ് തുക (ബാങ്ക്& ട്രഷറി) | വ്യത്യാസം (ബാധ്യത കൂടുതൽ) |
|---|---|---|---|
| B4 | 2,74,31,441 | 2,74,18,560 +94,14,397 (Redemption) = 3,68,32,957 | 1,11,38,373 |
| B7 | 15,250 | | |
| B9 | 2,05,24,639 | | |
| ആകെ | 4,79,71,330 | | |

ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശം ഉള്ള തുകയേക്കാൾ കൂടുതൽ തുക ബാധ്യതയിൽ ഉൾപ്പെട്ട് കാണുന്നു. ഇക്കാര്യം പരിശോധിച്ച് ബാധ്യതയിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ഉറപ്പാക്കി ഇതു സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-2-4 ബാലൻസ് ഷീറ്റ് -ബാധ്യത അപാകതകൾ

1)2019-20 വർഷം ലൈഫ് കുടുംബസംഗമത്തിനായി ഗ്രാമ പഞ്ചായത്തുകളിൽ നിന്നുമുള്ള വിഹിതമിനത്തിൽ 100000 രൂപ ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി തൻവർഷം 1,26,395 രൂപ ചെലവഴിച്ചിരുന്നുവെങ്കിലും മേൽ പരാമർശിച്ച തുക ക്രമീകരിക്കാത്തതിനാൽ 2020-21 വർഷവും ബാലൻസ് ഷീറ്റിൽ ബാധ്യത ഹെഡ്ഡിൽ സ്ഥിതി ചെയ്യുകയാണ്.(320700403). ഇത് പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്ത് കണക്കിൽ ആവശ്യമായ ക്രമീകരണം വരുത്തേണ്ടതാണ്.

2) വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ ബി 4 ൽ ഉൾപ്പെട്ട ചുവടെ ചേർത്ത തുകകളുടെ കൃത്യത പരിശോധിച്ച് ഇവ ഏതൊക്കെ പദ്ധതികൾക്കായി ലഭിച്ച തുകകളാണ് എന്നതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .

| ഹെഡ്ഡ് | ഇനം | തുക |
|---|---|---|
| 320700105 | സംയുക്ത പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം | 15,40,000/- |
| 320700203 | ,, | 84,48,675/- |
| 320700203 | സംയുക്ത പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം | 7,407,335/- |

3) ബ്ലോക്ക് പഞ്ചായത്ത് കണക്ക് പ്രകാരം ടി.എസ്.സി (ടോട്ടൽ സാനിറ്റേഷൻ) അക്കൗണ്ടിലെ 31.3.2021 ലെ നീക്കിയിരിപ്പ് തുക 54,39,840/- രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റിൽ ബി.4 ഷെഡ്യൂളിൽ ഈയിനത്തിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 51,06,705/- രൂപയെന്നാണ്. 3,33,135/- രൂപയുടെ വ്യത്യാസം കാണുന്നു.

4) ബാലൻസ് ഷീറ്റിൽ ഹെഡ്ഡ് 350800199 ൽ Other Creditors ൽ ഉൾപ്പെടുത്തിയ1,69,67,949/- രൂപ ഏതിനത്തിലുള്ളതാണെന്ന് വിശദമാക്കേണ്ടതാണ്.

5) IAY ജനറൽ ഇനത്തിൽ 31.3.2021 ലെ ബാലൻസ് ഷീറ്റിൽ ഹെഡ്ഡ് 320100110 ൽ ഉൾപ്പെട്ട തുക

23,74,540/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം IAY പ്ലാൻ അക്കൗണ്ടിൽ 1,77,42,922/- രൂപയും , IAY സ്റ്റേറ്റ് ഷെയർ അക്കൗണ്ടിൽ 7,95,590/- രൂപയുമാണ് 31.03.2021 ലെ നീക്കിയിരിപ്പ് . ഐ.എ.വൈ ഇനത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിച്ച് നിലവിൽ പ്രസ്തുത തുകകൾ ഏതൊക്കെ ബാങ്ക് അക്കൗണ്ടുകളിൽ എത്ര തുക വീതം സ്ഥിതി ചെയ്യുന്ന എന്നത് സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

6) ബാലൻസ് ഷീറ്റിൽ ഹെഡ്സ് 350800299 ൽ ഉൾപ്പെട്ട 4,41,800/- രൂപ ഏതിനത്തിലുള്ള തുകയാണെന്ന് വിശദമാക്കേണ്ടതാണ്.

### 1-2-5 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട ബന്ധപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) ബാലൻസ് ഷീറ്റിൽ ബി.5 ഷെഡ്യൂളിൽ സഹകരണ ബാങ്കിൽ നിന്നുള്ള വായ്പ എന്നയിനത്തിൽ 1,87,776/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയ വായ്പാ അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ 27.08.2019ലെ നീക്കിയിരിപ്പ് തുകയായിട്ടാണ് മേൽതുക കാണിച്ചിട്ടുള്ളത്. 31.3.2020, 31.3.2021, തിയതികളിലെ ലോൺ അക്കൗണ്ട് നീക്കിയിരിപ്പ് വിവരങ്ങൾ ബാങ്ക് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ലോൺ രജിസ്റ്റർ പ്രകാരം കണക്കാക്കിയ 31.3.2021 ലെ വായ്പാ നീക്കിയിരിപ്പ് 2,19,908/-രൂപയാണ്. വായ്പാ കണക്ക് പൊരുത്തപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക.

### 1-2-6 മറ്റ് ന്യൂനതകൾ

1) സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) പ്രത്യേക ഉദ്ദേശ ഫണ്ട് അക്കൗണ്ടുകളിൽ ലഭിക്കുന്ന പലിശ വരവുകൾ പൂർണ്ണമായും അതത് ഹെഡ്ഡുകളിൽ തന്നെ ഉൾപ്പെടുത്തിക്കാണുന്നില്ല.

ഉദാ. ടോട്ടൽ സാനിറ്റേഷൻ അക്കൗണ്ട് പലിശ വരവ് ₹37,518/-,ഐ.എ.വൈ സ്റ്റേറ്റ് ഷെയർ പലിശ വരവ് ₹26,860/ എന്നിവ ബന്ധപ്പെട്ട ഹെഡ്ഡിൽ വരവിലെടുത്തിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 34552356 |
| വരവ് | 67974371 |
| ആകെ | 102526727 |
| ചെലവ് | 75108167 |
| നീക്കിയിരിപ്പ് | 27418560 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 48029518 | 48029518 | 34134055* | 13895463 | 71.06 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10650000 | 10650000 | 9515046 | 1134954 | 89.34 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1158140 | 1158140 | 1148850 | 9290 | 99.19 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7668000 | 7668000 | 5023264* | 2644736 | 65.50 |
| ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ് | 0 | 8080000 | 8080000 | 2760919 | 5319081 | 34.16 |
| ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ് | 0 | 8080000 | 8080000 | 2943587 | 5136413 | 36.43 |
| ആകെ | 0 | 83665658 | 83665658 | 55525721 | 28139937 | 66.36 |

കുറിപ്പ് : 1) വാർഷിക ധനകാര്യപത്രിക രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പ്രകാരം വികസന ഫണ്ട് ജനറൽ ചെലവ് 3,45,53,015 രൂപയാണ് . എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലെ ചെലവ് 3,41,34,055/- രൂപയാണ്. ഇവ തമ്മിൽ 4,18,960/- രൂപ വ്യത്യാസം കാണുന്നു. വികസന ഫണ്ട് ജനറൽ ഇനത്തിൽ സുലേഖ പത്രിക പ്രകാരമുള്ള ചെലവാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2) സംരക്ഷണ ഗ്രാന്റ് നോൺ റോഡ് രണ്ടാം ഗഡു അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കിയ 77, 557 രൂപ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 34553015 | 34553015 | 34553015 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9515046 | 9515046 | 9515046 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1148850 | 1148850 | 1148850 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4945707 | 4945707 | 4945707 | 0 |
| ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ് | 0 | 2760919 | 2760919 | 2760919 | 0 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ് | 0 | 2943587 | 2943587 | 2943587 | 0 |
| ടി.എസ്.ബി ജനറൽ പർപ്പസ് അക്കൗണ്ട് * | 3905283 | | | | |
| സംയുക്ത പദ്ധതി (ഗ്രാമ പഞ്ചായത്ത്) | 7223878 | 353457 | 7577335 | 70000 | 7507335* |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 9988675 | 4552696 | 14541371 | 4552696 | 9988675* |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| ഐ.എ.വൈ സ്റ്റേറ്റ് ഷെയർ | 968802 | 26860 | 995662 | 200071 | 795591 |
| ഐ.എ.വൈ പ്ലാൻ | 17169796 | 573197 | 17742993 | 71 | 17742922 |
| ശുചിത്വ മിഷൻ | 5351568 | 160712 | 5512280 | 72440 | 5439840 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| കേരളോത്സവം/ മിസലേനിയസ് | 157803 | 145182 | 302985 | 92100 | 210885 |
| പ്ലാൻ (എസ്.ബി.ഐ) | 1032652 | 28374 | 1061026 | 0 | 1061026 |
| മറ്റ് അവാർഡുകൾ | 629525 | 0 | 629525 | 0 | 629525 |
| മറ്റുള്ളവ | | | | | |
| മധൂർ ഗ്രാമ പഞ്ചായത്ത് തിരികെ നൽകിയതുക | 3050000 | 0 | 3050000 | 0 | 3050000 |

കുറിപ്പ്:

സംയുക്ത പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നീയിനങ്ങളിലെ മുന്നിരിപ്പും നീക്കിയിരിപ്പുമായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ഉതകുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂൾ പ്രകാരമുള്ള തുകയാണ് പട്ടികയിൽ നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത്

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 126 | 95747899 | 92 | 60107140 | - | 34 | 73 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 23 | 28822887 | 17 | 17613049 | 61.10 |
| 2 | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 6 | 10103581 | 5 | 5875496 | 58.15 |
| 3 | അസി.എഞ്ചിനിയർ | 59 | 30798619 | 34 | 16462282 | 53.45 |
| 4 | ശിശുവികസന പദ്ധതി ഓഫീസർ | 4 | 3358359 | 3 | 2739551 | 81.57 |
| 5 | അസി.ഡയറക്ടർ കൃഷി | 4 | 3512659 | 4 | 3322744 | 94.59 |
| 6 | ക്ഷീര വികസന ഓഫീസർ | 2 | 1187149 | 2 | 1064236 | 89.64 |
| 7 | പട്ടിക ജാതി വികസന ഓഫീസർ | 8 | 5770000 | 8 | 4833557 | 83.77 |
| 8 | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ | 2 | 1400000 | 2 | 1400000 | 100 |
| 9 | വ്യവസായ വികസന ഓഫീസർ | 2 | 4694500 | 1 | 1300000 | 27.69 |
| 10 | സൂപ്രണ്ട് ഗവ.വൃദ്ധ മന്ദിരം & | 5 | 1343000 | 5 | 929092 | 69.18 |

| | | | | | | |
|---|---|---|---|---|---|---|
| | മഹിളാ മന്ദിരം | | | | | |
| 11 | മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ആശുപത്രി | 1 | 700000 | 1 | 700000 | 100 |
| 12 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 10 | 4057145 | 10 | 3867133 | 95.31 |
| | ആകെ | 126 | 95747899 | 92 | 60107140 | 62.17 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 7,37,679 | 9,48,356 | 16,86,035 | 14,34,966 | 2,51,069 |

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ബ്ലോക്ക് പഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.03.2022 തീയതിയിൽ 12.00 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല.

## 1-8 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 19 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി 12 തവണയും വികസന സ്റ്റാന്റിങ് കമ്മിറ്റി 9 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി 8 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി 7 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടില്ല.

ബ്ലോക്ക്പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-2021 സാമ്പത്തിക വർഷം 7 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ യോഗത്തിൽ ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്.

അക്കൗണ്ടിങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ്

ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ 2020-21 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി 3 തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ 15 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ചില മിനിറ്റ്സ് ബുക്കുകളിൽ ചില യോഗങ്ങളിലെ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ പലപ്പോഴും കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 ഐ.എ.വൈ ഭവന പദ്ധതി അക്കൗണ്ടുകളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നത് 1.85 കോടി രൂപ

ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ ഭവന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിൽ (ഐ.എ.വൈ സ്റ്റേറ്റ് ഷെയർ (A/c No.0044446 PNB) & പ്ലാൻ (A/c No.0044136 PNB) 31.3.2021 ൽ 1.85 കോടി രൂപ വിനിയോഗിക്കുവാൻ സാധിക്കാതെ സ്ഥിതി ചെയ്യുന്നുണ്ട് സർക്കാർ ധനസഹായം, ബ്ലോക്ക് പഞ്ചായത്ത് പദ്ധതിവിഹിതം , മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിഹിതം , ബാങ്ക് പലിശ എന്നീയിനങ്ങൾ ഉൾപ്പെടുന്ന തുകയാണ് ചെലവഴിക്കാൻ സാധിക്കാതെ നിഷ്ക്രിയമായി സ്ഥിതിചെയ്യുന്നത്. സ.ഉ(സാധാ) നം.220/2022/എൽ.എസ്.ജി.ഡി തിയതി.03.02.2022 ഉത്തരവിൽ ഐ.എ.വൈ പദ്ധതി ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുകകൾ പി.എം.എ.വൈ/ലൈഫ് പദ്ധതി എന്നിവ പ്രകാരമുള്ള വീടുകളുടെ നിർമ്മാണത്തിന് വിനിയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശാനുസരണം തുടർ നടപടികൾ സ്വീകരിച്ച് ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 സാധനങ്ങളുടെ സമാഹരണം- സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ:സൂപ്രണ്ട് മഹിളാ മന്ദിരം

പ്രൊ.നം.75/20-21 പ്രകാരം അന്തേവാസികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് വിവിധ ഉപകരണങ്ങൾ, ഫർണീച്ചർ എന്നിവ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത് .ആകെ അടങ്കൽ തുകയായ 4.43 ലക്ഷം രൂപ ചുവടെ ചേർത്ത ഇനങ്ങൾ വാങ്ങുന്നതിനാണ് വകയിരുത്തിയിരുന്നത്.

| | | |
|---|---|---|
| ഇലക്ട്രോണിക് ഉപകരണങ്ങൾ | 1.41 ലക്ഷം | ടെണ്ടർ/ ക്വട്ടേഷൻ |
| ഇൻസിനറേറ്റർ | 1 ലക്ഷം | ,, |
| ഫർണിച്ചർ | 1.89 ലക്ഷം | സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് |
| ബെഡ്ഷീറ്റ് | 0.12 ലക്ഷം | ,, |

പദ്ധതിയ്ക്കായി 2,66,719 രൂപ ചെലവഴിച്ച് ചുവടെ ചേർത്ത ഇനങ്ങളാണ് വാങ്ങിയിട്ടുള്ളത് (ട്രഷറി ബിൽ നം.01308593/20/3/2021)

| | | | |
|---|---|---|---|
| 1 | ബെഡ് ഷീറ്റ് | 11,800/ | പയ്യന്നൂർ ഖാദി കേന്ദ്രം |
| 2 | പബ്ലിക് അഡ്രസ് സിസ്റ്റം | 37,500 | ഗുരുദാസ് ട്രേഡേഴ്സ് |

| | | | |
|---|---|---|---|
| 3 | പാത്രങ്ങൾ | 74,640 | ശോഭാ മെറ്റൽ ഇൻഡസ്ട്രീസ് വിദ്യാനഗർ |
| 4 | ഫർണിച്ചറുകൾ | 96,279 | സിഡ്കോ കാസറഗോഡ് |
| 5 | ടി.വി, വാട്ടർ പ്യൂരിഫയർ | 46,500 | നാഷണൽ റേഡിയോ ഇലക്ട്രോണിക്സ് |
| | ആകെ | 2,66,719/- | |

അതുപോലെ പ്രൊജക്ട് നം 194/20-21 പ്രകാരം അന്തേവാസികൾക്ക് തയ്യൽ പരിശീലനം നൽകുന്നതിന് (അടങ്കൽ 3 ലക്ഷം സംരക്ഷണ ഗ്രാന്റ് നോൺറോഡ്) 68,315 രൂപ (ട്രഷറി ബിൽ നം.01308588/20/3/2021) വിനിയോഗിച്ച് നാല് തയ്യൽ മെഷീനുകളും , സിഡ്കോയിൽ നിന്നും മേശ ,അലമാര എന്നിവയും വാങ്ങിയിട്ടുണ്ട്.

മേൽ പദ്ധതികൾ പ്രകാരമുള്ള വാങ്ങൽ നടപടികളിൽ നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

എ) സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ/പൊതുമേഖല സ്ഥാപനങ്ങൾ എന്നിവ ഉപയോഗിക്കുന്ന സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഓൺലൈൻ സമാഹരണ പദ്ധതിയാണ് GEM. കേരളത്തിൽ GEM മുഖേനയുള്ള വാങ്ങൽ നടപ്പാക്കുന്നതിനായി GO(P) No.2/18/SPD തീയതി 28-04-2018 പ്രകാരം 2013 ലെ സ്റ്റോർ പർച്ചേസ് മാനുവലിൽ അധ്യായം 19 ൽ ഭേദഗതി വരുത്തി. GO(P) No.7/19/SPD തീയതി 26-04-2019 സർക്കാർ ഉത്തരവ് പ്രകാരം Store Purchase Manualൽ കൂട്ടിചേർക്കപ്പെട്ട അധ്യായം19ലെ ഖണ്ഡിക 19.3 ഭേദഗതി വരുത്തി 25000 രൂപയ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും എല്ലാ സർക്കാർ സ്ഥാപനങ്ങളിലും GEM നിർബന്ധമാക്കിയിട്ടുണ്ട്. GEM ൽ സാധന സാമഗ്രികൾ ലഭ്യമല്ലാത്ത സാഹചര്യത്തിലോ ആവശ്യകത/സ്പെസിഫിക്കേഷൻ എന്നിവ സ്വീകാര്യമല്ലാത്ത സാഹചര്യത്തിലോ മാത്രമേ അധികാരികൾ സാമഗ്രികൾ സമാഹരിക്കുന്നതിന് Store Purchase Manualൽ പ്രതിപാദിച്ചിട്ടുള്ള മറ്റു വഴികൾ സ്വീകരിക്കാവൂ. കാര്യകാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ടും നിരക്കുകൾ ന്യായീകരിച്ചുകൊണ്ട് സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടുമായിരിക്കണം Store Purchase Manualൽ പ്രതിപാദിക്കുന്ന മറ്റു വഴികൾ സ്വീകരിക്കേണ്ടത്. എന്നാൽ , 2020-21 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയവ ഒഴികെയുള്ള വസ്തുക്കളുടെ വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത് ക്വട്ടേഷൻ നടപടികളിലൂടെയാണ്. വാങ്ങൽ നടപടികൾ GEM സംവിധാനം മുഖേനയല്ല നിർവ്വഹിച്ചിട്ടുള്ളത്.

GEM സംവിധാനത്തിന് പുറമേ സാധനസാമഗ്രികൾ വാങ്ങുന്ന സാഹചര്യത്തിൽ പ്രസ്തുത ഇനങ്ങൾ GEM ൽ ലഭ്യമല്ലായെന്നും കാര്യകാരണങ്ങൾ രേഖപ്പെടുത്തി നിരക്കുകൾ ന്യായീകരിച്ചുകൊണ്ട് സാക്ഷ്യപ്പെടുത്തലുകൾ നടത്തി പർച്ചേസ് ഫയലുകളിൽ സൂക്ഷിക്കേണ്ട ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. എന്നാൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് GEM സംവിധാനം പ്രയോജനപ്പെടുത്താനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല.

ബി) മേൽ പ്രകാരമുള്ള വാങ്ങലുകളിൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് ഓരോയിനത്തിനും പ്രത്യേകം ക്വട്ടേഷൻ ക്ഷണിച്ചാണ്. GEM സംവിധാനം പ്രയോജനപ്പെടുത്താത്ത സാഹചര്യത്തിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് വേണമായിരുന്നു വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം 50,000 രൂപയിൽ കൂടുതൽ അടങ്കൽ ഉള്ള പർച്ചേസുകൾ ലിമിറ്റഡ് ടെണ്ടർ മുഖേനയും, 1 ലക്ഷത്തിൽ കൂടുതൽ അടങ്കലുള്ള പദ്ധതികളിൽ ഓപ്പൺ ടെണ്ടർ നടപടികളിലൂടെയും വാങ്ങണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ടി.വി , പബ്ലിക് അഡ്രസ്സ് സിസ്റ്റം, വാട്ടർ പ്യൂരിഫയർ തുടങ്ങിയവയെല്ലാം പ്രത്യേകം ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങിയിട്ടുള്ളത്. ക്വട്ടേഷനിൽ ആവശ്യമുള്ള ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിരുന്നില്ല. പ്രൊ.നം. 194/21 (അന്തേവാസികൾക്ക് തയ്യൽ പരിശീലനത്തിന് ഉപകരണങ്ങൾ വാങ്ങൽ ) പദ്ധതി നടത്തിപ്പിലും വാങ്ങൽ നടപടികളിൽ നിലവിലെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ ക്വട്ടേഷൻ

നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച് ക്വട്ടേഷനിൽ പരാമർശിച്ചിട്ടില്ല.

സി) മേൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി വിളിച്ച ക്വട്ടേഷനുകൾ (നം.MMKSD80/20-21-1-1-2021) പരസ്യപ്പെടുത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഡി) പ്രൊജക്ടിൽ (75/20-21) ഇൻസിനറേറ്ററിന് 1 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയത് ഭേദഗതി വരുത്തി 74,640 രൂപ വിനിയോഗിച്ച് പാത്രങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിനും ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ക്വട്ടേഷൻ മുഖേനയാണ് വാങ്ങൽ നടത്തിയിട്ടുള്ളത് . എന്നാൽ ക്വട്ടേഷൻ വിളിച്ചതിന്റെയും, പരസ്യപ്പെടുത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതു പോലെ ഭേദഗതി വരുത്തിയ പ്രൊജക്ട് റിപ്പോർട്ട്, ഭരണസമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇ)നിർവ്വഹണ ഉദ്യോഗസ്ഥന്റെ ട്രഷറി ബിൽബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ ഓഡിറ്റ് എൻക്വയറി നം2/21.3.2022 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയെ ധരിപ്പിച്ചിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതുവരെ പ്രൊ.നം.75/20-21 & 194/20-21 എന്നിവ പ്രകാരം നടത്തിയ 3,35,034/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-11 ബദിയടുക്ക ഗവ.പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് കമ്പ്യൂട്ടർ ഫർണിച്ചർ അടുക്കള പാത്രങ്ങൾ മറ്റ് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി അപാകതകൾ.

പ്രോജക്ട് നം. - SO196/21

പ്രോജക്ടിന്റെ പേര് - ബദിയടുക്ക ഗവ.പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് കമ്പ്യൂട്ടർ ഫർണച്ചർ അടുക്കള പാത്രങ്ങൾ മറ്റ് ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 4,00,000/-രൂപ , വികസന ഫണ്ട് (എസ്.സി.പി)

ചെലവ് തുക - 1,50,007/-രൂപ

ബിൽ നമ്പർ, തീയതി - 192 തീയതി.05.03.2021 , RS.90,774/-

ബിൽ നമ്പർ, തീയതി - 193 തീയതി.05.03.2021 , RS.31,545/-

ബിൽ നമ്പർ, തീയതി - 219 തീയതി.17.03.2021 , RS.20,188/-

ബിൽ നമ്പർ, തീയതി - 262 തീയതി.26.03.2021 , RS.7,500/-

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബദിയടുക്ക ഗവ.പ്രീമെട്രിക്ക് ഹോസ്റ്റലിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനു വേണ്ടി പ്രൊജക്ട് നമ്പർ.SO196/21 പ്രകാരം വികസന ഫണ്ട് (എസ്.സി.പി) നിന്ന് 1,50,007/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കെൽട്രോൺ തിരുവനന്തപുരത്തിന്റെ 04.03.2021തിയ്യതിലെ TVM/ITBG/PI/RC/23128/20-21 നമ്പർ പെർഫോമ ഇൻവോയിസ് പ്രകാരം 3 ഡെക്സ്ടോപ്പ് കമ്പ്യൂട്ടറും, 04.03.2021 തിയ്യതിലെ TVM/ITBG/PI/RC/23127/20-21 നമ്പർ പെർഫോമ ഇൻവോയിസ് പ്രകാരം 1 ഡെക്സ്ടോപ്പ് കമ്പ്യൂട്ടറും, 17.03.2021തിയ്യതിലെ TVM/ITBG/PI/RC/24812/20-21 നമ്പർ പെർഫോമ ഇൻവോയിസ് പ്രകാരം 1 പ്രിന്ററും ലഭ്യമാക്കുന്നതിന് വേണ്ടി കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി. (അക്കൗണ്ട് നം.799011400003959).

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനം കമ്പ്യൂട്ടറും, പ്രിന്ററും പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എന്നാൽ വിതരണം ചെയ്ത കമ്പ്യൂട്ടറിന്റെയും, പ്രിന്ററിന്റെയും ടാക്സ് ഇൻവോയ്സ് സ്ഥാപനം ഇതുവരെയായിട്ടും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) ബദിയടുക്ക ഗവ.പ്രീമെട്രിക്ക് ഹോസ്റ്റലിനു വേണ്ടി വാങ്ങിയ കമ്പ്യൂട്ടറും, പ്രിന്ററും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി പ്രകാരം വാങ്ങിയ മുഴുവൻ ഉപകരണങ്ങളും സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3)കമ്പ്യൂട്ടറും, പ്രിന്ററും വാങ്ങുന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥനും സ്ഥാപനവും കരാർ ചമച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥനും സ്ഥാപനവും കരാർ ചമച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4)വാങ്ങിയ കമ്പ്യൂട്ടറും, പ്രിന്ററും എന്നിവയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, ഗുണനിലവാരം പരിശോധിച്ചത് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

5) പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.05/23.03.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 1,50,007/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

1-12 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ക്ഷീര വികസന ഓഫീസർ

2020-21 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 10,64,236/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ. നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ നം./ തിയതി | തുക (₹) | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | ക്ഷീര വികസന ഓഫീസർ | പ്രൊ.നം. S0111/21 ക്ഷീര കർഷകർക്ക് പാലിന് ഇൻസെൻറ്റീവ് | Bill.No.20/ Dt.18.05.2020 | 1,22,133/- | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.36/ Dt.22.05.2020 | 65,016/- | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| 2 | | പ്രൊ.നം. SOO11/21 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | Bill.No.119/ Dt.11.11.2020 | 1,12,498/- | ചെങ്കള ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.120 Dt.11.11.2020 | 63,576/- | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.122 Dt.21.12.2020 | 30,912/- | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.140 Dt.12.01.2021 | 1,75,596/- | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.145 Dt.14.01.2021 | 1,08,844/- | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.178 Dt.19.02.2021 | 55,952/- | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.180 Dt.19.02.2021 | 9,088/- | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.179 Dt.19.02.2021 | 31,550/- | ചെങ്കള ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.199 Dt.08.03.2021 | 10,000/- | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.177 Dt.19.02.2021 | 1,15,560/- | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.200 Dt.08.03.2021 | 86,424/- | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.228 Dt.18.03.2021 | 11,689/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.229 Dt.18.03.2021 | 14,943/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.230 Dt.18.03.2021 | 50,455/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | ആകെ | 10,64,236/- | |

ഓഡിറ്റ് എൻക്വയറി നം.03/22.03.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ

പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 10,64,236/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-13 ചെമ്മനാട് GLPS ഈസ്റ്റ് കഞ്ഞിപുര നിർമ്മാണം വിഹിതം നൽകൽ -പദ്ധതിയുടെ പൂർത്തീകരണം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം. - S0179/21

പ്രോജക്ടിന്റെ പേര് - ചെമ്മനാട് GLPS ഈസ്റ്റ് കഞ്ഞിപ്പുര നിർമ്മാണം വിഹിതം നൽകൽ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 4,50,000/-രൂപ , മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് തുക - 3,33,556/-രൂപ

ബിൽ /ചെക്ക് നമ്പർ, തീയതി - 288 തീയതി.31.03.2021 , RS.3,33,556/-

കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി ചെമ്മനാട് ജി.എൽ.പി.എസ് ഈസ്റ്റ് സ്കൂളിന് കഞ്ഞിപ്പുര നിർമ്മാണത്തിന് വിഹിതം നൽകൽ എന്ന പദ്ധതിക്ക് ബ്ലോക്ക് വിഹിതമായി 4,00,000/- രൂപ (മെയിന്റനൻസ് ഫണ്ട്)വകയിരുത്തി പ്രൊജക്ട് നം.179/21 പ്രകാരം സംയുക്ത പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ചെമ്മനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 30.03.2021 തീയ്യതിയിലെ എസ്.സി 3.4032/21 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് വിഹിതമായി 3,33,556/-രൂപ ചെമ്മനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ എൽ.ജി.ടി.എസ്.ബി 799013000000275 നമ്പർ അക്കൗണ്ടിലേക്ക് മേൽ ബിൽ പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ പൂർത്തീകരണം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. പദ്ധതിയുടെ പൂർത്തീകരണം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.11/24.03.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 3,33,556/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-14 പട്ടിജാതി വികസന ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി അപാകതകൾ.

പ്രോജക്ട് നം. - S0028/21

പ്രോജക്ടിന്റെ പേര് - പട്ടിജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, ലാപ്പ്ടോപ്പ്, പ്രിന്റർ, ഇൻവേർട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, മറ്റ് അനുബന്ധ സാധനങ്ങൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 1,50,000/-രൂപ , മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് തുക - 1,07,029/-രൂപ

ബിൽ /ചെക്ക് നമ്പർ, തീയതി - 64 തീയതി.15.07.2020 , RS.33,762/-

ബിൽ /ചെക്ക് നമ്പർ, തീയതി - 65 തീയതി.15.07.2020 , RS.53,079/-

ബിൽ /ചെക്ക് നമ്പർ, തീയതി - 218 തീയതി.17.03.2021 , RS.20,188/-

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസന ഓഫീസിന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രൊജക്ട് നമ്പർ.S0028/21 പ്രകാരം മെയിന്റനൻസ് ഫണ്ടിൽ(നോൺ റോഡ്) നിന്ന് 1,07,029/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കെൽട്രോൺ തിരുവനന്തപുരത്തിന്റെ 18.06.2020 തിയ്യതിയിലെ TVM/ITBG/PI/RC/18458/20-21 നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 1 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും, 16.06.2020 തിയ്യതിലെ TVM/ITBG/PI/RC /18427/20-21 നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 1 ലാപ്പ്ടോപ്പും, 05.03.2021തിയ്യതിലെ TVM/ITBG/PI/RC/23368/20-21 നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 1 മൾട്ടി ഫങ്ഷൻ പ്രിന്ററും ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ അക്കൗണ്ടിലേക്ക് 1,07,029/-രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി. (അക്കൗണ്ട് നം.799011400003959).

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനം കമ്പ്യൂട്ടറും, ലാപ്പ്ടോപ്പും, പ്രിന്ററും പട്ടികജാതി വികസന ഓഫീസിലേക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എന്നാൽ വിതരണം ചെയ്ത കമ്പ്യൂട്ടറിന്റെയും, ലാപ്പ്ടോപ്പിന്റെയും, പ്രിന്ററിന്റെയും ടാക്സ് ഇൻവോയ്സ് സ്ഥാപനം ഇതുവരെയായിട്ടും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) സ്ഥാപനത്തിനുവേണ്ടി വാങ്ങിയ കമ്പ്യൂട്ടറും, ലാപ്പ്ടോപ്പും, പ്രിന്ററും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി പ്രകാരം വാങ്ങിയ മുഴുവൻ ഉപകരണങ്ങളും സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3)കമ്പ്യൂട്ടറും, ലാപ്പ്ടോപ്പും, പ്രിന്ററും വാങ്ങുന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥനും സ്ഥാപനവും കരാർ ചമച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥനും സ്ഥാപനവും കരാർ ചമച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4)വാങ്ങിയ കമ്പ്യൂട്ടർ, ലാപ്പ്ടോപ്പ്, പ്രിന്റർ എന്നിവയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, ഗുണനിലവാരം പരിശോധിച്ചത് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

5) പർച്ചേസുമായി ബന്ധപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.04/23.03.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 1,07,029/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-15 തുല്യത പഠനം പഠിതാക്കൾക്ക് കോഴ്സ് ഫീസ് -അപാകതകൾ

(1) പ്രോജക്ട് നം. - SOO10/21

പ്രോജക്ടിന്റെ പേര് - ഹയർ സെക്കണ്ടറി, പത്താംതരം തുല്യത പഠനം- പഠിതാക്കൾക്ക് കോഴ്സ് ഫീസ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 1,00,000/- വികസന ഫണ്ട് (ജനറൽ)

ചെലവ് തുക - 99,850/-രൂപ

വൗച്ചർ നമ്പർ - 22000459 തീയതി 23.3.2021 Rs.99,850/-

(2) പ്രോജക്ട് നം. - S0103/21

അടങ്കൽ - 1,01,250/- വികസന ഫണ്ട് (ജനറൽ)

ചെലവ് തുക - 94,750/-രൂപ

ബിൽ നമ്പർ - 04. തീയതി 11.04.2020 Rs.94,750/-

പ്രോജക്ട് നം. - S0010/21

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പ്രോജക്ടുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പത്താംതരം തുല്യത കോഴ്സിൽ ചേർന്ന 31 പഠിതാക്കൾക്കും, ഹയർ സെക്കൻഡറി തുല്യത കോഴ്സിൽ ചേർന്ന 17 പഠിതാക്കൾക്കും കോഴ്സ് ഫീ നൽകുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയത്. പദ്ധതിയുടെ നിർവ്വഹണത്തിനായി തുക താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക ചെലവഴിച്ചതിന്റെ ഇനം | തുക |
|---|---|---|
| 1 | പത്താംതരം തുല്യത പഠിതാക്കളുടെ കോഴ്സ് ഫീ നൽകുന്നതിനായി ഒരു പഠിതാവിന് 1850/-രൂപാനിരക്കിൽ 31 പഠിതാക്കൾക്ക് 57,350/-ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി തിരുവനന്തപുരത്തിന് നൽകിയത് | 57,350/- |
| 2 | ഹയർ സെക്കൻഡറി തുല്യത പഠിതാക്കളുടെ കോഴ്സ് ഫീ നൽകുന്നതിനായി ഒരു പഠിതാവിന് 2,500/-രൂപ നിരക്കിൽ 17 പഠിതാക്കൾക്ക് 42,500/-ഡയറക്ടർ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി തിരുവനന്തപുരത്തിന് നൽകിയത്. | 42,500/- |
| | ആകെ | 99,850/- |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രൊജക്ട് നം.SO010/21 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പത്താംതരം തുല്യത കോഴ്സിൽ ചേർന്ന 31 പഠിതാക്കൾക്ക് കോഴ്സ് ഫീസ് നൽകുന്നതിനായി ഒരു പഠിതാവിന് 1850/-രൂപ നിരക്കിൽ 31 പഠിതാക്കൾക്ക് 57,350/-രൂപയും, ഹയർ സെക്കൻഡറി തുല്യത പഠിതാക്കളുടെ കോഴ്സ് ഫീ നൽകുന്നതിനായി ഒരു പഠിതാവിന് 2,500/-രൂപ നിരക്കിൽ 17 പഠിതാക്കൾക്ക് 42,500/-രൂപയും ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി തിരുവനന്തപുരത്തിന് നല്കിയിട്ടുണ്ട്. ഇതുപ്രകാരം ആകെ രജിസ്റ്റർ ചെയ്ത 48 പഠിതാക്കളിൽ പരീക്ഷ എഴുതിയവരുടേയോ പാസ്സായവരുടേയോ സർട്ടിഫിക്കറ്റ് വിതരണം ചെയ്തവരുടേയോ എണ്ണം സംബന്ധിച്ച ഫയൽ പരിശോധനയിൽ ലഭ്യമല്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) കോഴ്സ് ഫീസ് ഇനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് കൈമാറിയ തുകയായ 99,850/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(2) പ്രോജക്ട് നം. - S0103/21

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി (2019-20 വർഷത്തെ സ്പിൽ ഓവർ) മേൽ പ്രോജക്ടുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പത്താംതരം തുല്യത കോഴ്സിൽ ചേർന്ന 17 പഠിതാക്കൾക്കും, ഹയർ സെക്കൻഡറി തുല്യത കോഴ്സിൽ ചേർന്ന 26 പഠിതാക്കൾക്കും കോഴ്സ് ഫീ നൽകുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയത്. പദ്ധതിയുടെ നിർവ്വഹണത്തിനായി തുക താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ

ചേർക്കുന്നു.

| ക്രമ നമ്പർ | തുക ചെലവഴിച്ചതിന്റെ ഇനം | തുക |
|---|---|---|
| 1 | പത്താംതരം തുല്യത പഠിതാക്കളുടെ കോഴ്സ് ഫീ നൽകുന്നതിനായി ഒരു പഠിതാവിന് 1750/-രൂപ നിരക്കിൽ 17 പഠിതാക്കൾക്ക് 29,750/-ഡയറക്ടർ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി തിരുവനന്തപുരത്തിന് നൽകിയത് | 29,750/- |
| 2 | ഹയർ സെക്കൻഡറി തുല്യത പഠിതാക്കളുടെ കോഴ്സ് ഫീ നൽകുന്നതിനായി ഒരു പഠിതാവിന് 2,500/-രൂപ നിരക്കിൽ 26 പഠിതാക്കൾക്ക് 65,000/-ഡയറക്ക്ടർ,കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി തിരുവനന്തപുരത്തിന് നൽകിയത് | 65,000/- |
| | ആകെ | 94,750/- |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രൊജക്ട് നം.S00103/21 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പത്താംതരം തുല്യത കോഴ്സിൽ ചേർന്ന 17 പഠിതാക്കൾക്ക് കോഴ്സ് ഫീസ് നൽകുന്നതിനായി ഒരു പഠിതാവിന് 1750/-രൂപ നിരക്കിൽ ആകെ 29,750/-രൂപയും, ഹയർ സെക്കൻഡറി തുല്യത പഠിതാക്കളുടെ കോഴ്സ് ഫീ നൽകുന്നതിനായി ഒരു പഠിതാവിന് 2,500/-രൂപ നിരക്കിൽ 26 പഠിതാക്കൾക്ക് 65,000/-രൂപയും ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി തിരുവനന്തപുരത്തിന് നല്കിയിട്ടുണ്ട്. ഇതുപ്രകാരം ആകെ രജിസ്റ്റർ ചെയ്ത 43 പഠിതാക്കളിൽ പരീക്ഷ എഴുതിയവരുടേയോ പാസ്സായവരുടേയോ സർട്ടിഫിക്കറ്റ് വിതരണം ചെയ്തവരുടേയോ എണ്ണം സംബന്ധിച്ച ഫയൽ പരിശോധനയിൽ ലഭ്യമല്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) കോഴ്സ് ഫീസ് ഇനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് കൈമാറിയ തുകയായ 94,750/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.09/23.03.2022, 10/23.03.2022, എന്നിവ പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ആകെ ചെലവ് തുക 1,94,600/-രൂപ (99,850 + 94,750) ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-16 ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം. - S0002/20

പ്രോജക്ടിന്റെ പേര് - ഐ.കെ.എം വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 61,437/-രൂപ, വികസന ഫണ്ട് (ജനറൽ)

ചെലവ് തുക - 61,437/-രൂപ

ബിൽ നമ്പർ, തീയതി - 14/20-21 തീയതി.27.04.2020, RS.61,437/-

മേൽ പദ്ധതി പ്രകാരം ഇൻഫർമേഷൻ കേരളാ മിഷന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി

61,437/-രൂപ (അക്കൗണ്ട് നം 57047023512) നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതു വരെ ബ്ലോക്ക് പഞ്ചായത്ത് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 61,437/-രൂപ രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (23.03.2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.07)

## 1-17 തെരുവ് നായ്ക്കളുടെ വന്ധ്യംകരണം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം - S0055/21

പ്രോജക്ടിന്റെ പേര് - തെരുവ് പട്ടികളുടെ വന്ധ്യംകരണം- ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ

അടങ്കൽ - 2,00,000/-രൂപ , വികസന ഫണ്ട് (ജനറൽ)

ചെലവ് തുക - 1,36,800/-രൂപ

വൗച്ചർ നമ്പർ, തീയതി - 22000447 തീയതി.12.02.2021 , RS.1,36,800/-

കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തെരുവ് പട്ടികളുടെ വന്ധ്യംകരണത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2,00,000/-രൂപ വകയിരുത്തി ജില്ലാ പഞ്ചായത്ത് പദ്ധതി രൂപീകരിക്കുകയും പ്രസ്തുത പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1,36,800/-രൂപ മേൽ വൗച്ചർ പ്രകാരം ജില്ലാ പഞ്ചായത്ത് മൃഗസംരക്ഷണ ഓഫീസർക്ക് തുക അനുവദിച്ചിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.14/24.03.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 1,36,800/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-18 യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

(1) പ്രൊജക്ട് നം .08/21

അടങ്കൽ - 4,00,000/-രൂപ – വികസന ഫണ്ട് (ജനറൽ)

ചെലവ് - 2,25,000/-രൂപ

1. ബിൽ റഫറൻസ് നം.202001630005006911146/05.11.2020 – 1,00,000/-രൂപ

2.ബിൽ റഫറൻസ് നം.20200163000500846666/21.12.2020 – 50,000/-രൂപ

3.ബിൽ റഫറൻസ് നം.20200163000501174784/01.03.2021 – 75,,000/-രൂപ

(2) പ്രൊജക്ട് നം .102/21

അടങ്കൽ - 4,00,000/-രൂപ – വികസന ഫണ്ട് (ജനറൽ)

ചെലവ് - 3,50,000/-രൂപ

1. ബിൽ റഫറൻസ് നം.19200163000501230510/08.02.2020 – 1,20,000/-രൂപ

2.ബിൽ റഫറൻസ് നം.192001630005015326l4/18.03.2020– 90,000/-രൂപ

3.ബിൽ റഫറൻസ് നം.202001633000500010689/11.04.2020 – 90,000/-രൂപ

4.ബിൽ റഫറൻസ് നം.202001630005004743G1/26.08.2020 – 50,000/-രൂപ

ആകെ = 5,75,000/-രൂപ

സൂചന-1)ജി.ഒ(എം.എസ്)28/2017/സാംസ്കാരിക വകുപ്പ്/തിയ്യതി-10.10.2017

2)സർക്കുലർ നം.62/സി.ബി.2/18/തിയ്യതി-3.3.2018/തസ്വഭവ(സി.ബി)വകുപ്പ്

കേരളത്തിന്റെ സാംസ്കാരിക ഉന്നതി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, പുതുതലമുറയിൽപ്പെട്ട കുട്ടികളിലും യുവാക്കളിലും കലാഭിമുഖ്യം ഉണർത്തുക, കലാവിഷയങ്ങളിൽ യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന സാംസ്കാരിക വകുപ്പ് ആരംഭിച്ച നൂതന പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട 394 കലാകാരന്മാർക്ക് വിദഗ്ധ പരിശീലനം നൽകി സംസ്ഥാനത്തെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ബ്ലോക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച 75 ക്ലസ്റ്ററുകളിൽ വിന്യസിച്ച് ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്ന കമ്മ്യൂണിറ്റി ഹാളുകൾ, സാംസ്കാരിക കേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ എന്നിവിടങ്ങളിൽ വച്ച് കുട്ടികൾക്കും യുവാക്കൾക്കും കലാപരിശീലനം നൽകുന്നതാണ് പദ്ധതി.

ഈ പദ്ധതി പ്രകാരം കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ 6 കലാകാരന്മാരെ വിന്യസിക്കുകയും അവർ 2019 ഏപ്രിൽ മാസം മുതൽ വിവിധ കലാവിഷയങ്ങളിൽ പരിശീലനം നൽകി വരികയും ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന മധൂർ, കുമ്പള, ബദിയടുക്ക ഗ്രാമപഞ്ചായത്തുകളിലാണ് ഇവർ പരിശീലനം നൽകിയത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1.ദിലീപ് കുമാർ.കെ - നാടകം

2.അഫ്സൽ പി - ലളിതകല, അപ്ലൈഡ് ആർട്ട്

3.ജിഷ്ണു.എം - പൂരക്കളി

4.സജി.കെ - സംഗീതം

5. ഹരീഷ് വി - നാടകം

6. സിതിൻ രാജ് - കെ - പൂരക്കളി

വിവിധ മാസങ്ങളിൽ ക്ലസ്റ്റർ കൺവീനർ പരിശീലനം നൽകിയ തിയ്യതികൾ സംബന്ധമായി നൽകുന്ന പത്രിക, സാംസ്കാരിക വകുപ്പ് നൽകുന്ന സാക്ഷ്യപത്രം എന്നിവ അടിസ്ഥാനമാക്കിയാണ് തുക നൽകിയിട്ടുള്ളത്. 2019 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ ആകെ 12 മാസം പരിശീലനം നൽകിയതിന് മേൽ ബില്ലുകൾ പ്രകാരം ഈ 6 കലാകാരന്മാർക്ക് പ്രതിമാസം 5000/-രൂപ വച്ച് ആകെ 5,75,000/-രൂപ നൽകിയിട്ടുണ്ട്.

സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ കത്ത് നമ്പർ എ-5/2939/17/സാം.വ/തിയ്യതി - 23.7.2018 പ്രകാരമുള്ള ഈ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം താഴെപ്പറയുന്നവ പദ്ധതിയുമായി ബന്ധപ്പെട്ട് ചെയ്തിട്ടുണ്ടോ എന്നതിന് ആധാരമായ താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

1.പദ്ധതി മാർഗ്ഗരേഖയിലെ ക്രമ നമ്പർ(iv)-ii-ജനപ്രതിനിധികളും ഉദ്യോഗസ്ഥ നേതൃത്വവും ചേർന്ന് പരിശീലന കേന്ദ്രങ്ങൾ നിർണ്ണയിച്ച് തിട്ടപ്പെടുത്തുകയും കൃത്യമായ സമയ ക്രമം നിശ്ചയിക്കുകയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യണം.

2.ക്രമ നമ്പർ(iv)-iii- തെരെഞ്ഞെടുക്കപ്പെട്ട പരിശീലന കേന്ദ്രത്തിന് ഒരു ക്രമ നമ്പർ നൽകേണ്ടതും തിരിച്ചറിയാനായി പദ്ധതി ലോഗോ സഹിതം സൈൻ ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

3.ക്രമ നമ്പർ(iv)-iv- ഓരോ ക്ലസ്റ്ററിലും ഉൾപ്പെടുന്ന പഠന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താനായി പ്രസിഡന്റ്, അംഗങ്ങൾ, സാംസ്കാരിക പ്രവർത്തകർ, യുവകലാസമിതി പ്രവർത്തകർ എന്നിവരടങ്ങുന്ന സമിതി രൂപീകരിക്കണം.

4.ക്രമ നമ്പർ(iv)-vii-ഓരോ പരിശീലന കേന്ദ്രത്തിലും പഠിതാക്കളെ തെരെഞ്ഞെടുക്കുന്നതിന് അതാത് പ്രദേശത്തെ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, കലാസാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ഫെല്ലോഷിപ്പ് കാലാകാരന്മാർ, ഗ്രന്ഥശാലാ പ്രവർത്തകർ തുടങ്ങിയവർ അടങ്ങുന്ന പ്രത്യേക സമിതി രൂപീകരിച്ച് പ്രവർത്തിക്കണം.

5.പദ്ധതിയുടെ മാർഗ്ഗരേഖയിലെ ക്രമ നമ്പർ (V) – നിശ്ചിത ഇടവേളകളിൽ ജില്ലാ തലത്തിൽ ഫെല്ലോഷിപ്പ് കലാകാരന്മാരും പഠിതാക്കളും കലാവതരണം നടത്തണം.

6.പദ്ധതിയുടെ മാർഗ്ഗരേഖയിലെ ക്രമ നമ്പർ (Vi) – കലാപരിശീലനത്തിനും അവതരണത്തിനും ആവശ്യമായ വാദ്യോപകരണങ്ങൾ, ചമയങ്ങൾ, ആടയാഭരണങ്ങൾ എന്നിവ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവ ലഭിച്ചിട്ടുണ്ടെങ്കിൽ ഇത് സംബന്ധമായ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7.പദ്ധതിയുടെ മാർഗ്ഗരേഖയിലെ ക്രമ നമ്പർ (Vii)- പദ്ധതിയുടെ ഏകോപനം, വിലയിരുത്തൽ എന്നിവയ്ക്ക് ജില്ലാ കോർഡിനേറ്റർമാരെ നിയമിക്കണം. പദ്ധതി നിർവ്വഹണം സംബന്ധിച്ച പ്രതിമാസ അവലോകന റിപ്പോർട്ട് ജില്ലാ കോർഡിനേറ്റർമാർ തയ്യാറാക്കണം.

8.പദ്ധതിയുടെ മാർഗ്ഗരേഖയിലെ ക്രമ നമ്പർ (Viii)- പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിവിധ ഘട്ടങ്ങളിൽ കൈവരിക്കുന്ന പുരോഗതി അവലോകനം, ഫെല്ലോഷിപ്പ് കാലാകാരന്മാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ, അവർ സംഘടിപ്പിച്ച പരിശീലന ക്ലാസ്സുകളുടെ എണ്ണം, പഠിതാക്കളുടെ വിശദവിവരങ്ങൾ, ഹാജർ എന്നിവ സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.17/24.03.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 5,75,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-19 ബാലടുക്ക അംഗൻവാടി കെട്ടിടം വിഹിതം നൽകൽ

പ്രോജക്റ്റ് നം. - SO135/21

പ്രോജക്റ്റിന്റെ പേര് - ബാലടുക്ക അംഗൻവാടി കെട്ടിടം വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 8,00,000/-രൂപ , വികസന ഫണ്ട് (ജനറൽ)

ചെലവ് തുക - 8,00,000/-രൂപ

ബിൽ നമ്പർ, തീയതി - 52 തീയതി.12.06.2020 , RS.8,00,000/-

കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്കള ഗ്രാമ പഞ്ചായത്തിലെ ബാലടുക്ക അംഗൻവാടി കെട്ടിട വിഹിതം എന്ന പദ്ധതിക്ക് ബ്ലോക്ക് വിഹിതമായി 8,00,000/-രൂപ വകയിരുത്തി ചെങ്കള ഗ്രാമപഞ്ചായത്തിന് വിഹിതം അനുവദിക്കുന്നതിന് സംയുക്ത പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റ് 2019-20 സാമ്പത്തിക വർഷം പൂർത്തീകരിക്കാത്തതിനാൽ 2020-21 വർഷത്തിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 8,00,000/-രൂപ മേൽ ബിൽ പ്രകാരം ചെങ്കള ഗ്രാമപഞ്ചായത്തിന്

അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ പൂർത്തീകരണം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.15/24.03.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 8,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-20 വിജ്ഞാൻവാടികളുടെ സൗകര്യ വികസനം പദ്ധതി അപാകതകൾ

പ്രോജക്ട് നം. - SO197/21

പ്രോജക്ടിന്റെ പേര് - കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് 2020-21 വിജ്ഞാൻവാടികളുടെ സൗകര്യവികസനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 4,00,000/-രൂപ , വികസന ഫണ്ട് (എസ്.സി.പി)

ചെലവ് തുക - 1,26,180/-രൂപ

ബിൽ /ചെക്ക് നമ്പർ, തീയതി - 191 തീയതി.05.03.2021 , RS.1,26,180/-

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്ട് നമ്പർ.SO197/21 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള നാല് പഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന നാല് വിജ്ഞാനവാടികളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ചെങ്കള ഗ്രാമ പഞ്ചായത്തിലെ കെ.കെ.പുറം വിജ്ഞാനവാടിയിലേക്കും, മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്തിലെ പെർണടുക്ക വിജ്ഞാനവാടിയിലേക്കും, കുമ്പള ഗ്രാമ പഞ്ചായത്തിലെ കിദൂർ കണ്ടകാരടുക്ക വിജ്ഞാനവാടിയിലേക്കും, ബദിയടുക്ക ഗ്രാമ പഞ്ചായത്തിലെ പെരിയഡുക്ക വിജ്ഞാനവാടിയിലേക്കും ഓരോ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങി വിതരണം ചെയ്യുന്നതിനായി 1,26,180/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കെൽട്രോൺ തിരുവനന്തപുരത്തിന്റെ 04.03.2021 തിയ്യതിലെ TVM/ITBG/PI/RC/23125/20-21 നമ്പർ പെർഫോമ ഇൻവോയിസ് പ്രകാരം 4 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് എെ.ടി മിഷന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി. (അക്കൗണ്ട് നം.799011400003959). എന്നാൽ വിതരണം ചെയ്ത കമ്പ്യൂട്ടറിന്റെ ടാക്സ് ഇൻവോയ്സ് കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനം ഇതുവരെയായി ലഭ്യമാക്കിയിട്ടില്ല. നാല് വിജ്ഞാനവാടിയിലേക്കും കമ്പ്യൂട്ടർ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയവ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും, കമ്പ്യൂട്ടറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തി അവ വിതരണം ചെയ്തതിന്റെ വിവരങ്ങളും, പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ്, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.06/24.03.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 1,26,180/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-21 മധൂർ ശ്മശാനത്തിന് ബ്ലോക്ക് വിഹിതം നൽകൽ - 2017-18 വർഷം നൽകിയ 30.50 ലക്ഷം രൂപ തിരിച്ചടച്ചു-പുതിയ പദ്ധതി പ്രകാരം വീണ്ടും തുക നല്കി- പൂർത്തീകരണ രേഖകൾ

ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം. - S0009/21

പ്രോജക്റ്റിന്റെ പേര് - മധൂർ ശ്മശാനത്തിന് ബ്ലോക്ക് വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 54,27,000/-രൂപ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് തുക – 20,74,036/-രൂപ

വൗച്ചർ നമ്പർ, തീയതി - 22000667 തീയതി.06.01.2021 , RS.20,74,036/

കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തും മധൂർ ഗ്രാമപഞ്ചാത്തും ചേർന്ന് നടപ്പിലാക്കുന്ന മധൂർ ഗ്രാമപഞ്ചായത്തിലെ പാറക്കട്ട ശ്മശാനത്തിൽ ഗ്യാസ് ക്രമിറ്റോറിയം എന്ന സംയുക്ത പദ്ധതിക്ക് ബ്ലോക്ക് വിഹിതമായി 54,27,000/-രൂപ അനുവദിക്കുന്നതിന് കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.03.2020 തീയ്യതിയിലെ 105 നമ്പർ യോഗം തീരുമാനിക്കുകയും, പ്രസ്തുത പദ്ധതിക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് വിഹിതമായി 20,74,036/-രൂപ മേൽ വൗച്ചർ പ്രകാരം മധൂർ പഞ്ചായത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പദ്ധതി പൂർത്തീകരണ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ വിവരം എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ പരാമർശിത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 20,74,036/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ഓഡിറ്റ് എൻക്വയറി നം.19/24.03.2022 പ്രകാരം രേഖകൾ ലഭ്യമാക്കുവാൻ അറിയിപ്പ് നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല.

ഇതേ പദ്ധതിയ്ക്കായി പ്രൊ.നം. 16/17-18 പ്രകാരം 2017-18 വർഷം മധൂർ ഗ്രാമ പഞ്ചായത്തിന് 30,50,000/-രൂപ (ട്രഷറി ബിൽ നം.15/30-10-2017 ₹24,00,000/- & ട്രഷറി ബിൽ നം.18/16-11-2017 ₹ 6,50,000/-) കൈമാറുകയുണ്ടായി. എന്നാൽ പദ്ധതിയ്ക്കായി തുക വിനിയോഗിക്കാതെ ഗ്രാമ പഞ്ചായത്ത് അധികൃതർ പ്രസ്തുത തുക 2018 മെയ് മാസം ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകുകയാണ് ഉണ്ടായത് . സംയുക്ത പദ്ധതികൾക്ക് തുക കൈമാറുന്നതിന് മുമ്പ് സ്വീകരിക്കേണ്ട നടപടികൾ കൃത്യമായി പാലിക്കാതെ തുക കൈമാറിയതിനാലാണ് മേൽ തുക ചെലവഴിക്കാൻ സാധിക്കാതെ വന്നത്. പ്രസ്തുത തുക സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്. എന്നിരുന്നാലും പ്രസ്തുത തുക വിനിയോഗിക്കുവാൻ സാധിക്കാതെയിരുന്നതുമായി ബന്ധപ്പെട്ട വസ്തുതകൾ സംസ്ഥാന സർക്കാരിനെ ബോധ്യപ്പെടുത്തി, തുക മറ്റുപദ്ധതികൾക്കോ അല്ലെങ്കിൽ ഇതേ പദ്ധതിക്കായോ സർക്കാർ അനുമതിയോടെ വിനിയോഗിക്കുവാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുവാനും ,സർക്കാർ അനുമതി ലഭ്യമാകാത്ത പക്ഷം തുക സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണെന്നും 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3(4) ൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് തുടർ നടപടികൾ ഒന്നും സ്വീകരിക്കാതെ 07.07.2021 ൽ തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയും പകരം പുതിയ പദ്ധതി ആവിഷ്കരിച്ച് 2020-21 സാമ്പത്തിക വർഷം മധൂർ ഗ്രാമ പഞ്ചായത്തിന് തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമ പഞ്ചായത്തിന്റെയും ഏകോപനക്കുറവ് മൂലം മറ്റ് വികസന ആവശ്യങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന 30.50 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെടുകയാണുണ്ടായത്. സംയുക്ത പദ്ധതികൾക്ക് തുക വകയിരുത്തുന്നതിലും, വിനിയോഗിക്കുന്നതിലും നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

2020-21 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ബ്ലോക്ക് പഞ്ചായത്ത്

വിഹിതമായി 1,02,83,250/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ മറ്റ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ. നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ നം./ തിയതി | തുക (₹) | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | സെക്രട്ടറി കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് | പ്രൊ.നം. S0018/21 ലൈഫ് ഭവന പദ്ധതി ബ്ലോക്ക് വിഹിതം കൈമാറൽ - പൊതു വിഭാഗം | Bill.No.59/ Dt.23.06.2020 | 11,20,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.63/ Dt.29.06.2020 | 6,00,000/- | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.83/ Dt.26.08.2020 | 20,00,000/- | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.86/ Dt.11.09.2020 | 2,60,000/- | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.87/ Dt.14.09.2020 | 5,00,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.97/ Dt.06.10.2020 | 3,20,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.186/ Dt.25.02.2021 | 3,40,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.233/ Dt.19.03.2021 | 1,13,400/- | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.187/ Dt.25.02.2021 | 3,20,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.203/ Dt.10.03.2021 | 1,60,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.210/ Dt.16.03.2021 | 5,10,000/- | ബദിയടുക്ക പുത്തൂർ ഗ്രാമ പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| | | | Bill.No.232/ Dt.19.03.2021 | 1,60,000/- | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.234/ Dt.19.03.2021 | 4,70,000/- | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.237/ Dt.22.03.2021 | 40,000/- | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| 2 | സെക്രട്ടറി കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് | പ്രൊ.നം. S0005/21 ലൈഫ് ഭവന പദ്ധതി ബ്ലോക്ക് വിഹിതം കൈമാറൽ - പട്ടികവർഗ്ഗം | Bill.No.77/ Dt.19.08.2020 | 1,80,000/- | ബദിയടുക്ക പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| | | | Vr.No.22000472 Dt.26.03.2021 | 1,49,850 | ചെങ്കള പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| 3 | സെക്രട്ടറി കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് | പ്രൊ.നം. S0005/21 ലൈഫ് ഭവന പദ്ധതി ബ്ലോക്ക് വിഹിതം കൈമാറൽ - പട്ടികജാതി | Bill.No.176 Dt.19.02.2021 | 3,60,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.205/ Dt.10.03.2021 | 3,20,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.204/ Dt.10.03.2021 | 1,60,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.212/ Dt.16.03.2021 | 3,20,000/- | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.211 Dt.16.03.2021 | 3,60,000/- | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.220/ Dt.17.03.2021 | 2,80,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.242/ Dt.23.03.2021 | 1,60,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.244/ Dt.23.03.2021 | 40,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.245/ Dt.23.03.2021 | 1,00,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.246/ Dt.24.03.2021 | 40,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | Bill.No.259/ | 40,000/- | മൊഗ്രാൽ |

| | | | |
|---|---|---|---|
| | Dt.25.03.2021 | | പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| | Bill.No.264/ Dt.26.03.2021 | 40,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | Bill.No.271/ Dt.27.03.2021 | 6,20,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | Bill.No.270/ Dt.27.03.2021 | 1,00,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | Bill.No.279/ Dt.29.03.2021 | 1,00,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | ആകെ | 1,02,83,250/- | |

ഓഡിറ്റ് എൻക്വയറി നം.13/23.03.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 1,02,83,250/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-23 പാലിയേറ്റീവ് കെയർ പദ്ധതി ചെലവ് രേഖകൾ ഹാജരാക്കിയില്ല.

2020-21 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ സി.എച്ച്.ല സി കുമ്പള നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് (പ്രൊ.നം.50/20-21) ചുവടെ ചേർത്ത പ്രകാരം വികസനഫണ്ടിൽ നിന്നും 7,06,108/- രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | അലോട്ട്മെന്റ് നം | തുക |
|---|---|---|
| 1 | 122/28/10/2020 | 2,00,000/- |
| 2 | 145/29/10/2020 | 36100/- |
| 3 | 147/06/01/2021 | 1,30,000/- |
| 4 | 177/02/02/2021 | 1,99,987/- |
| 5 | 204/05/03/2021 | 1,40,021/- |
| | ആകെ | 7,06,108/- |

മേൽ പരാമർശിച്ച ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നം

നം.12/23.03.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ മേൽ പ്രകാരം വികസനഫണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിച്ച 7,06,108/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ചെലവ് രേഖകൾ ഹാജരാക്കാത്തപക്ഷം മേൽ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിഗത ബാധ്യതയായി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

1-24 ആശുപത്രിയിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ ടെണ്ടർ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ സി.എച്ച്.സി കുമ്പള

മെഡിക്കൽ ഓഫീസർ സി.എച്ച്.സി കുമ്പള ഓഡിറ്റ് വർഷം നടപ്പാക്കിയ പ്രൊജക്ട് നം.64/2020-21 പ്രകാരം കുമ്പള സി.എച്ച്.സി യിലേക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്റർ, ലാപ് ടോപ്, പ്രൊജക്ടർ, വാട്ടർ പ്യൂരിഫയർ, അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയ ഇനങ്ങൾ വാങ്ങുവാൻ ലക്ഷ്യമിട്ടിരുന്നു. പദ്ധതി പ്രകാരം 97,500/-രൂപയുടെ ഫർണിച്ചറുകൾ സ്റ്റാൻഡേർഡ് സ്റ്റീൽ ഇൻഡസ്ട്രീസ് പെർവാഡ്, കുമ്പള എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം.283, തീയതി :19.03.2021) , 14,867/- രൂപയുടെ ഉപകരണങ്ങൾ സായ് സൂര്യ ലൈഫ് കെയർ , കാസറഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. (അലോട്ട്മെന്റ് നം 268/22.3.2021 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) എന്നാൽ ഈ സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ പദ്ധതിയ്ക്കായി അനുവദിച്ച 1,12,367/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം 12/20-21 തി. 23.03.2022)

1-25 കണ്ടിജൻസി ചെലവ് -ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കുമ്പള

പ്രൊജക്ട് നം.94/ 2020-21 കുമ്പള സി.എച്ച്.സി കണ്ടിജൻസി ചെലവ്, എന്ന പദ്ധതിക്കായി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും 1,00,000/-രൂപ വകയിരുത്തിയിരുന്നു. പദ്ധതി നടത്തിപ്പിനായി അലോട്ട്മെന്റ് നം.283/24.03.2021 പ്രകാരം 76,161/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി അനുവദിച്ച 76,161/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 12/20-21 തി. 23.03.2022)

1-26 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയില്ല.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP /1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ പ്രവൃത്തികൾക്ക് 2020-21 ൽ

ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെട്ടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2020-21ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കേണ്ടതുമാണ്.

2020-21 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രവൃത്തിയുടെ വിവരങ്ങൾ | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചത് |
|---|---|---|---|
| 1 | 125/21 | കളനാട് ഹോമിയോ ആശുപത്രി അറ്റകുറ്റ പണി | 1,02,186 |
| 2 | 115/21 | കുതിരക്കട്ട്-പാലം | 1,04,610 |
| 3 | 118/21 | തെക്കിൽ പാലം-ഉക്രംപാടിതൈര റോഡ് ടാറിംഗ് | 65,875 |
| 4 | 121/21 | ബദിയടുക്ക സി.എച്.സി.അറ്റകുറ്റ പണി | 86,940 |
| 5 | 174/21 | പേരാൽ-കുട്ടൻറടി ഗോൾഡൻ റോഡ് കോൺക്രീറ്റ് | 46,903 |
| 6 | 143/21 | കഞ്ചിക്കട്ട്-പിലിംഗിരി റോഡ് കോൺക്രീറ്റ് | 45,198 |
| 7 | 167/21 | ചെമ്പരിക Girls Friendly Toilet | 47,580 |
| 8 | 165/21 | ജി.എച്.എസ്. ചെർകളം Girls Friendly Toilet | 45,586 |
| 9 | 163/21 | ചന്ദ്രഗിരി-പറക്കളം | 44,846 |

| | | | |
|---|---|---|---|
| | | റോഡ് കോൺക്രീറ്റ് | |
| 10 | 159/21 | ശേഡിക്കട്ട-മാടത്തടുക്ക റോഡ് ടാറിംഗ് | 50,164 |
| 11 | 156/21 | അരമങ്ങാനം എസ്.സി കോളനി റോഡ് പുനർനവീകരണം | 60,744 |
| 12 | 153/21 | കണിയംകുണ്ട്-റോഡ് നിർമ്മാണം | 40,456 |
| 13 | 147/21 | കുന്നാറകുന്നിൽ-മായിപ്പാടി റോഡ് കോൺക്രീറ്റ് | 43864 |
| 14 | 144/21 | അനിഹ-അമേപലം റോഡ് | 52,596 |
| 15 | 145/21 | കുന്നിൽ-കല്ലുംകൂടം കോൺക്രീറ്റ് | 40,384 |
| 16 | 143/21 | പോവ്വൽ-ദേലംപ്പാടി റോഡ് നവീകരണം | 34,937 |
| 17 | 137/21 | നടുവിൽകുന്നു-ഉർത്തി റോഡ് നിർമ്മാണം | 46,689 |
| 18 | 134/21 | അജക്കോട് എസ്.സി. കോളനി റോഡ് കോൺക്രീറ്റ് (SO പ്രോജക്ട്) | 42,628 |
| 19 | 133/21 | കിഴിക്കേപ്പം കുന്നിൽ എസ്.സി റോഡ് SO പ്രോജക്ട് | 42,413 |
| 20 | 117/21 | ഉദയഗിരി-വിദ്യാഗിരി റോഡ് | 41,480 |

1-27 പട്ടിക ജാതി കോളനി വികസന പൊതുമരാമത്ത് പ്രവൃത്തികൾ-സോഷ്യൽ മാപ്പ് ലഭ്യമാക്കിയിട്ടില്ല. അസി. എക്സി.എഞ്ചിനീയർ

പട്ടിക ജാതി കോളനി വികസന പ്രവൃത്തികൾക്കായി ഫണ്ടിൽ (എസ്.സി.പി) നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നവരുടെ എണ്ണം പട്ടികജാതി വികസന വകുപ്പ് അംഗീകരിച്ച സോഷ്യൽ മാപ്പ് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. എസ്.സി.പി വിഭാഗത്തിന്റെ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുമ്പോൾ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുള്ള സോഷ്യൽ മാപ്പ് പ്രവൃത്തി നടക്കുന്ന റോഡിന്റെ നമ്പറുള്ള ആസ്തി വിവരം നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവിടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വറി നം.16 /24.03.2022)

| പ്രോജക്റ്റ് നം | പ്രവൃത്തിയുടെ പേര്- | അടങ്കൽ തുക | ചെലവ് തുക | കരാർ തിയതി |
|---|---|---|---|---|
| 156/21 | അരങ്ങാനം എസ്.സി. കോളനി റോഡ് പുനർനിർമ്മാണം ചെമ്മനാട് ഗ്രാമ പഞ്ചായത്ത് | 5,67,433 | 5,66,948 | 03.09.2020 |
| 159/21 | ഷേഡിക്കട്ട മാടത്തട്ടുക്ക എസ്.സി. കോളനി റോഡ് ടാറിംഗ് | 5,00000 | 4,00000 | 3.09.2020 |
| 133/21 | കിഴിക്കേപ്പം കുന്നിൽ എസ്.സി റോഡ് SO പ്രോജക്റ്റ് | 3,95,852 | 3,95,852 | 30.09.2019 |
| 134/21 | അജക്കോട് എസ്.സി. കോളനി റോഡ് കോൺക്രീറ്റ്, SO പ്രോജക്റ്റ് | 3,97,858 | 3,97,858 | 30.10.2019 |
| | | ആകെ | 17,60,658 | |

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|

| | | |
|---|---|---|
| 2019-20 | 22-03-2022 &<br>23-03-2022 വരെ | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിൽ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 4-2 സംയുക്ത പദ്ധതികൾക്കായി ലഭിച്ച ഫണ്ട്.വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2020-21 | 70000 | 106/20-21- ലൈഫ് പി.എം.എ.വൈ ഭവനം എസ്.സി | 70000 | 0 |
| | 2020-21 | 283457 | 112/20-21മൊഗ്രാൽ ഗ്രാമ പഞ്ചായത്ത് കുടിവെള്ള പദ്ധതി | 0 | 283457 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1078000 | 187/20-21- ലൈഫ് പി.എം.എ.വൈ ഭവനം ജനറൽ | 1078000 | 0 |
| | 2020-21 | 666724 | 116/20-21 തെക്കിൽ വലിയ തോട് വി.സി.ബി നിർമ്മാണം | 666724 | 0 |
| | 2020-21 | 569123 | 138/20-21 കുറത്തിക്കുണ്ട് ചെക്ക് ഡാം | 569123 | 0 |
| | 2020-21 | 600000 | 139/20-21 ബേവിഞ്ച വലിയ തോട് ഇല്ലത്തിന് സമീപം വി.സി.ബി നിർമ്മാണം | 600000 | 0 |
| | 2020-21 | 1638849 | 176/20-21 ബാക്കത്തിമാർ കുളം നവീകരണം -മധൂർ | 1638849 | |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ എ വൈ | സഉ(എം)എസ് നം. 90/13/തസ്വഭവ തീയതി 14.03.2013 | 9,60,00,000 | 1,99,777/- | 12001* | | 1,87,776/- |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. വായ്പാ രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പ്രകാരം മേൽ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും (1,87,776) അതിന്റെ പലിശയുമുൾപ്പടെ 31.3.2021 ൽ ആകെ തിരിച്ചടയ്ക്കുവാൻ ഉള്ള തുക 2,19,908 രൂപയാണ്. മേൽ പട്ടികയിൽ 12,001 രൂപ ഒടുക്കിയതായി രേഖപ്പെടുത്തിയത് 2019-20 വർഷം കണക്കിൽ അധികമായി രേഖപ്പെടുത്തിയത് ക്രമീകരിച്ചതാണ്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ലോൺ ബാങ്ക് സ്റ്റേറ്റ്മെന്റിൽ 27.8.2019 ൽ അവശേഷിക്കുന്ന തുക 1,87,776/ രൂപയാണ്. ഇതിന് ശേഷമുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.അവശേഷിക്കുന്ന വായ്പാതുകയുടെ കൃത്യത കണക്കാക്കി എത്രയും വേഗം ലോൺ ക്ലോസ്

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2.1 | 2007-08 | ഖ.3.66.1 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. (6പ്രവൃത്തികൾ) | 2 പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുക ഈടാക്കി<br>3 എണ്ണം റവന്യൂ റിക്കവറി -ഇതിൽ 1ൽ കേസ്, 1 ഭരണ സമിതി പരിഗണിക്കുവാൻ തീരുമാനം . ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച തുടർ മറുപടിയിന്മേൽ പരിശോധന റിപ്പോർട്ട് Ksa Ksd.11/698/2018 Dt.08.08.2018 പ്രകാരം ഡയറക്ടർക്ക് സമർപ്പിച്ചു. നിയമസഭാ<br>സമിതിയിൽ നിന്നും തുടർ നിർദ്ദേശം പ്രതീക്ഷിക്കുന്നു. (LFAC 2016-19- പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 1997-98 പ്ലാൻ | 2-3 | 2007-08 | ഖ.3.66.3 | KSEBയിൽ തുക നിക്ഷേപിച്ചത് യു.സി ഇല്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി.<br>തടസ്സം |

| | | | | | |
|---|---|---|---|---|---|
| | | | | | ഒഴിവാക്കുവാൻ ശുപാർശ ചെയ്തു (Ksa Ksd11/1060/18 Dt 08/10/2018) . (LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 1997-98 പ്ലാൻ | 2-3 | 2007-08 | ഖ.3.66.3 | KWAയിൽ തുക നിക്ഷേപിച്ചത് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് | വിനിയോഗ സാക്ഷ്യപത്രം 17-11-17ന് ഹാജരാക്കി.തടസ്സം ഒഴിവാക്കുവാൻ ശുപാർശ ചെയ്തു. (Ksa Ksd11/1060/18 Dt 08/10/2018). (LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 1997-98 പ്ലാൻ | 2-4 | 2007-08 | ഖ.3.66.3 | നിർമിതി കേന്ദ്രത്തിൽ തുക നിക്ഷേപിച്ചത് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കുവാൻ ശുപാർശ ചെയ്തു (Ksa Ksd11/1060/18 Dt 08/10/2018) . (LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും -അവലോകനം 2013-14 | - | 2013-14 | 5.1.5.9 | ഭൂഗർഭ ജലനിരപ്പ് താഴുന്നു (പേജ്.68) | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| തദ്ദേശ സ്ഥാപനങ്ങളിലെ റോഡുക ളുടെ ചുമതല വിഭജനം 2017-18 | -- | 2017-18 | 2-5 (പേജ് 345 To 366 ) | 1) ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല 2) റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല 3) റോഡുകൾ നോട്ടിഫൈ ചെയ്ത് വിജ്ഞാപനം ഇറക്കിയിട്ടില്ല | മറുപടി ലഭ്യമാക്കിയിട്ടില്ല |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി മുഖേന ഈടാക്കിയ തുക: ഇല്ല

ബി) സർ ചാർജ്ജ് നടപടി മുഖേന ഈടാക്കിയ തുക : ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,79,74,371/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,51,08,167/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,71,35,801/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 3,35,034/- | മിനി .എസ്,സൂപ്രണ്ട് മഹിളാ മന്ദിരം |
| 1-11 | 1,50,007/- | ശരത്.ടി.വി , പട്ടിക ജാതി വികസന ഓഫീസർ |
| 1-12 | 10,64,236/- | ശാലിനി കെ, ക്ഷീരവികസന ഓഫീസർ (₹6,78,575) |
| | | പ്രീതി.കെ.ആർ, ക്ഷീരവികസന ഓഫീസർ (₹3,85,661) |
| 1-13 | 3,33,556/- | റഷീദ്.സി , സെക്രട്ടറി |
| 1-14 | 1,07,029/- | ശരത്.ടി.വി, പട്ടികജാതി വികസന ഓഫീസർ |
| 1-15 | 1,94,600/- | അനുപം.എസ്. സെക്രട്ടറി (₹94,750) |
| | | റഷീദ്.സി. സെക്രട്ടറി (₹99,850) |
| 1-16 | 61,437/- | അനുപം.എസ്, സെക്രട്ടറി |
| 1-17 | 1,36,800/- | സുന്ദര.കെ, സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 1-18 | 5,75,000/- | അനുപം.എസ്.സെക്രട്ടറി (₹5,00,000) |
| | | സുന്ദര.കെ, സെക്രട്ടറി (ഇൻ ചാർജ്ജ്) (₹75,000/-) |
| 1-19 | 8,00,000/- | അനുപം .എസ്, സെക്രട്ടറി |

| | | |
|---|---|---|
| 1-20 | 1,26,180/- | സുന്ദരം.കെ, സെക്രട്ടറി ഇൻചാർജ്ജ് |
| 1-21 | 20,74,036/- | അനുപം .എസ്., സെക്രട്ടറി |
| 1-22 | 1,02,83,250/- | അനുപം .എസ്, സെക്രട്ടറി (₹4980000) |
| | | സുന്ദരം.കെ, സെക്രട്ടറി ഇൻചാർജ്ജ് (₹1020000) |
| | | റഷീദ്.സി , സെക്രട്ടറി (₹4283250) |
| 1-23 | 7,06,108 | ഡോ.ദിവാകര റൈ.കെ , മെഡിക്കൽ ഓഫീസർ CHC കുമ്പള |
| 1-24 | 1,12,367 | ഡോ.ദിവാകര റൈ.കെ , മെഡിക്കൽ ഓഫീസർ CHC കുമ്പള |
| 1-25 | 76,161 | ഡോ.ദിവാകര റൈ.കെ , മെഡിക്കൽ ഓഫീസർ CHC കുമ്പള |
| ആകെ | 1,71,35,801 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 6/242/12 തീയ്യതി 16-04-12 | 8 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 3/250/11 തീയ്യതി 05-07-2011 | 14 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 3/251/2011 തീ. 05-07-2011 | 8 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 3/252/2011 തീ. 05-07-2011 | 7 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 3/253/2011 തീ. 05-07-2011 | 7 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.3/254/2011തീ. 05-07-2011 | 11 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 3/255/2011 തീ.0 5-07-2011 | 2 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.6/245/2012 തീ. 16-04-2012 | 3 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 6/246/2012 തീ. 28-05-2012 | 3 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 4/938/2011 തീ. 07-08-2012 | 7 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 6/239/2012 തീ. 11-09-2012 | 8 |
| 2008-09 To 2010-11 | എൽ.എഫ്.കെ.എസ്.ഡി 8/238/2013 തീ. 26-03-2013 | 21 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി 8/775/2013 തീ. 22-02-2014 | 10 |
| 2012-13, 2013-14 | എൽ.എഫ്.കെ.എസ്.ഡി 6/1320/2014തീ. 01-01-2015 | 5 |
| 2014-15 | കെ.എസ്.എ. കെ.എസ്.ഡി6/937/2016തീ.18-10-2016 | 7 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി6/199/2017തീ. 22-03-2017 | 7 |
| 2016-17 | കെ.എസ്.എ.കെ.എസ്.ഡി6/1138/2017തീ. 01-11-2017 | 12 |
| 2017-18 | കെ.എസ്.എ.കെ.എസ്.ഡി4/1414 /2018.തീ. 29.12.2018 | 15 |
| 2018-19 | കെ.എസ്.എ.കെ.എസ്.ഡി6/158 /2020.തീ. 20.02.2020 | 19 |
| 2019-20 | കെ.എസ്.എ.കെ.എസ്.ഡി6/296 /2022.തീ.31.03.2022 | 12 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kasargod BlockPanchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 6820.00 |
| 140000000 | Fee & User Charges | I-4(b) | 26000.00 |
| 150000000 | Sale & Hire Charges | I-5(b) | 29016.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 64477979.00 |
| 170000000 | Income from Investments | I-7 | 39592.00 |
| 171000000 | Interest Earned | I-8 | 62571.00 |
| 180000000 | Other Income | I-9 | 45926.00 |
| | Total Income | | 64687904.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2387234.00 |
| 220000000 | Administrative Expenses | I-11(b) | 824052.00 |
| 230000000 | Operations & Maintenance | I-12(b) | 263298.00 |
| 240000000 | Interest & Finance Charges | I-13 | 161.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9652101.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 28485111.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 12925709.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 149477.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 351279.00 |
| 255000000 | Maintenance Projects | I-14(e) | 6478414.00 |
| | Total Expenditure | | 61516836.00 |

| | | | |
|---|---|---|---|
| | Gross Surplus/ Deficit of income over Expenditure | | 3171068.00 |
| 280000000 | Prior Period Item | I-18 | -81683.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3252751.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 4

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Kasargod Block Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 34552356.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 6820.00 |
| 140000000 | Fees & User Charges | RP-4 | 26000.00 |
| 150000000 | Sale & Hire Charges | RP-5 | 29016.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 65541820.00 |
| 171000000 | Interest Earned | RP-9 | 62571.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 985198.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 39592.00 |
| 180000000 | Other Income | RP-10 | 0.0 |
| 350000000 | Other Liabilities | RP-36 | 1750.00 |
| 460000000 | Loans, Advances and Deposits | RP-47 | 1281604.00 |
| | Grand total | | 102526727.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2258234.00 |
| 220000000 | Administrative Expenses | RP-12 | 832720.00 |
| 230000000 | Operations & Maintenance | RP-13 | 263298.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 8482978.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 28485111.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 6690185.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 149477.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 342611.00 |
| 255000000 | Maintenance Projects | RP-20 | 6478414.00 |
| 280000000 | Prior Period item | RP-26 | 438295.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 632385.00 |
| 350000000 | Other Liabilities | RP-36 | 0.0 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 161.00 |
| 350000000 | Other Liabilities | RP-36 | 1750.00 |
| 410000000 | Fixed Assets | RP-38 | 7084390.00 |
| 412000000 | Capital work in Progress | RP-40 | 2848972.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9414397.00 |
| 460000000 | Loans, Advances and Deposits | RP-47 | 704789.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 27418560.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 102526727.00 |

## അനുബന്ധം 5

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Kasargod BlockPanchayat BALANCE SHEET | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -9575547.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 59379347.00 |
| | Total Reserve & Surplus | | 49803800.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 27431441.00 |
| | Total Grants, Contributions for Specific Purposes | | 27431441.00 |

| | | | |
|---|---|---|---|
| | Loans | | |
| 330000000 | Secured Loans | B-5 | 187776.00 |
| | Total Loans | | 187776.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 15250.00 |
| 350000000 | Other Liabilities | B-9 | 20524639.00 |
| | Total Current Liabilities and Provisions | | 20539889.00 |
| | TOTAL LIABILITIES | | 97962906.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 76138749.00 |
| 411000000 | Accumulated Depreciation | B-11 | -16493635.00 |
| 412000000 | Capital Work in Progress | B-11(a) | 1003049.00 |
| | Total Fixed Assets | | 60648163.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 9414397.00 |
| 450000000 | Cash and Bank Balance | B-17 | 27418560.00 |
| 460000000 | Loans, Advances and Deposits | B-18 | 481786.00 |
| | Total Current Assets, Loans and Advances | | 37314743.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 97962906.00 |